# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

സണ്ണി എം. സി
പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9446561939

പി.ആർ.ഒ/35/203/2016 പത്രക്കുറിപ്പ് 2016 സെപ്തംബർ 23

### എം.ജി പി.ജി ഏകജാലകം: രണ്ടാം അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. പ്രവേശനം 26 വരെ

എം.ജി സർവ്വകലാശാല ഏകജാലകം വഴിയുള്ള പി.ജി പ്രവേശനത്തിനുള്ള രണ്ടാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ ഓൺലൈൻ പെയ്മെന്റ് ഗേറ്റ്‌വെ വഴി സർവ്വകലാശാല അക്കൗണ്ടിൽ വരേണ്ട ഫീസടച്ച് അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് എടുത്ത് സെപ്തംബർ 26ന് വൈകുന്നേരം 4 മണിക്കകം അലോട്ട്മെന്റ് ലഭിച്ച കോളജിൽ യോഗ്യത തെളിയിക്കുന്ന അസ്സൽ സാക്ഷ്യപത്രങ്ങൾ സഹിതം പ്രവേശനത്തിന് റിപ്പോർട്ട് ചെയ്യണം. സെപ്തംബർ 26നകം ഫീസൊടുക്കാത്തവരുടെയും ഫീസൊടുക്കിയ ശേഷം കോളജിൽ പ്രവേശനം നേടാത്തവരുടെയും അലോട്ട്മെന്റ് റദ്ദാക്കുന്നതാണ്.

കോളജുകളിൽ പ്രവേശനത്തിനായി റിപ്പോർട്ട് ചെയ്യുന്നവർ പ്രവേശനത്തിന് ശേഷം കൺഫർമേഷൻ സ്ലിപ് കോളജധികൃതരിൽ നിന്നും വാങ്ങേണ്ടതും പ്രവേശനം സംബന്ധിച്ച വിവരങ്ങൾ കൃത്യമായി അപ്‌ലോട് ചെയ്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

രണ്ടാം അലോട്ട്മെന്റിൽ പ്രവേശനത്തിനർഹത നേടിയ അപേക്ഷകർ തങ്ങൾക്ക് അലോട്ട്മെന്റ് ലഭിച്ച കോളജുകളിൽ പ്രവേശനം നേടുന്നപക്ഷം ഓൺലൈൻ പെയ്മെന്റ് ഗേറ്റ്‌വെ വഴിയൊടുക്കുന്ന യൂണിവേഴ്സിറ്റി ഫീസിന് പുറമെ ട്യൂഷൻ ഫീ ഉൾപ്പെടെയുള്ള ഫീസ് കോളജുകളിൽ ഒടുക്കി പ്രവേശനം ഉറപ്പാക്കണം. ഒന്നാം അലോട്ട്മെന്റിൽ താൽക്കാലികമായി പ്രവേശനം നേടിയ അപേക്ഷകർ ഒന്നാം അലോട്ട്മെന്റ് ലഭിച്ച കോളജിൽ തുടരുന്നില്ലാത്ത പക്ഷം തങ്ങളുടെ ടി.സി, അസ്സൽ സർട്ടിഫിക്കറ്റുകൾ എന്നിവ ബന്ധപ്പെട്ട കോളജിൽ നിന്നും 26ന് മുൻപായി കൈപ്പറ്റണം.

അലോട്ട്മെന്റ് ലഭിച്ച എസ്.സി/എസ്.ടി വിഭാഗം ഒഴിച്ചുള്ള എല്ലാ വിഭാഗം അപേക്ഷകരും അലോട്ട്മെന്റ് ലഭിച്ച കോളജുകളിൽ സെപ്തംബർ 26ന് മുൻപ് സ്ഥിര പ്രവേശനം നേടാത്ത പക്ഷം അത്തരം അപക്ഷകരുടെ അലോട്ട്മെന്റ് റദ്ദാക്കും. ഹെൽപ് ലൈൻ നമ്പർ: 0481-6555563, 0481-2733379/2733581.

### ഒന്നാം വർഷ പി.ജി ക്ലാസുകൾ സെപ്തബംർ 27ന് ആരംഭിക്കും

2016-17 അദ്ധ്യയന വർഷത്തെ പി.ജി ക്ലാസുകൾ സെപ്തംബർ 27ന് ആരംഭിക്കും.

### അപേക്ഷാ തീയതി നീട്ടി

മൂന്നും അഞ്ചും സെമസ്റ്റർ അണ്ടർ ഗ്രാജ്വേറ്റ് (സി.ബി.സി.എസ്.എസ്) ഡിഗ്രി പരീക്ഷകൾക്ക് 500 രൂപ സൂപ്പർഫൈനോടെ സെപ്തംബർ 26ന് 5 മണി വരെ അപേക്ഷ സ്വീകരിക്കും.

### അപേക്ഷാ തീയതി

രണ്ടാം സെമസ്റ്റർ മാസ്റ്റർ ഓഫ് അപ്ലൈഡ് സയൻസ് ഇൻ മെഡിക്കൽ ഡോക്കുമെന്റേഷൻ (പുതിയ സ്കീം - 2015 അഡ്മിഷൻ റഗുലർ, 2015ന് മുൻപുള്ള അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾ ഒക്ടോബർ 14ന് ആരംഭിക്കും. അപേക്ഷകൾ പിഴകൂടാതെ സെപ്തംബർ 29 വരെയും 50 രൂപ പിഴയോടെ 30 വരെയും 500 രൂപ സൂപ്പർഫൈനോടെ ഒക്ടോബർ 1 വരെയും സ്വീകരിക്കും.

രണ്ടാം വർഷ ബി.എസ്.സി എം.എൽ.ടി (പുതിയ സ്കീം - 2014 അഡ്മിഷൻ റഗുലർ, 2013ന് മുൻപുള്ള അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾ ഒക്ടോബർ 18ന് ആരംഭിക്കും. അപേക്ഷകൾ പിഴകൂടാതെ സെപ്തംബർ 30 വരെയും 50 രൂപ പിഴയോടെ ഒക്ടോബർ 1 വരെയും 500 രൂപ സൂപ്പർഫൈനോടെ 4 വരെയും സ്വീകരിക്കും. റഗുലർ അപേക്ഷകർ 100 രൂപയും വീണ്ടുമെഴുതുന്നവർ ഓരോ പേപ്പറിനും 20 രൂപ വീതവും സി.വി ക്യാമ്പ് ഫീസായി നിശ്ചിത പരീക്ഷാഫീസിന് പുറമെ അടയ്ക്കണം.

### പരീക്ഷാ തീയതി

അഫിലിയേറ്റഡ് കോളജുകളിലെ മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ് അണ്ടർഗ്രാജ്വേറ്റ് കോംപ്ലിമെന്ററി കോഴ്സ് ''മാത്തമാറ്റിക്കൽ ഇക്കണോമിക്സ്'' (2015 അഡ്മിഷൻ റഗുലർ/2013 മുതലുള്ള അഡ്മിഷൻ

റീഅപ്പിയറൻസ്/ഇംപ്രൂവ്മെന്റ്) പരീക്ഷ ഒക്ടോബർ 20 നും, അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്.എസ് അണ്ടർ ഗ്രാഡ്വേറ്റ് ഓപ്പൺ കോഴ്സ് ''മീഡിയ ആന്റ് സൊസൈറ്റി'' (റഗുലർ/റീ-അപ്പിയറൻസ് - 2013 മുതലുള്ള അഡ്മിഷൻ) ഡിഗ്രി പരീക്ഷ ഒക്ടോബർ 21 നും നടത്തും. പരീക്ഷാ കേന്ദ്രത്തിനും സമയത്തിനും മാറ്റമില്ല.

## പുതുക്കിയ പരീക്ഷാ തീയതി

സെപ്തംബർ 8ന് നടത്തുവാൻ നിശ്ചയിച്ചിരുന്നതും മാറ്റിവച്ചതുമായ തിയറി പരീക്ഷകളുടെ പുതുക്കിയ തീയതി പ്രസിദ്ധീകരിച്ചു. നാലാം വർഷ ബി.പി.ടി (പുതിയ സ്കീം) പരീക്ഷകൾ ഒക്ടോബർ 6നും, നാലാം സെമസ്റ്റർ എം.ബി.എ (പുതിയ സ്കീം - 2014 അഡ്മിഷൻ - റഗുലർ/2012-13 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ഒകടോബർ 14നും, രണ്ടാം സെമസ്റ്റർ ബി.എച്ച്.എം (2015 അഡ്മിഷൻ റഗുലർ/2013 ആന്റ് 2014 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷ ഒക്ടോബർ 3നും നടത്തും. പരീക്ഷാ കേന്ദ്രത്തിന് മാറ്റമില്ല.

## പരീക്ഷ മാറ്റി

സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയ്സസിൽ സെപ്തംബർ 26ന് നടത്തുവാൻ നിശ്ചയിച്ചിരുന്ന എം.എഡ് (സി.എസ്.എസ്) ഡിഗ്രി കോഴ്സിന്റെ ''കരിക്കുലം ഡവലപ്മെന്റ് ആന്റ് ട്രാൻസാക്ഷൻ'' പേപ്പറിന്റെ പരീക്ഷാ സെപ്തംബർ 30ന് നടത്തുന്നതിനായി മാറ്റി.

## പ്രാക്ടിക്കൽ, വൈവാ വോസി പരീക്ഷകൾ

നാലാം സെമസ്റ്റർ എം.എസ്.സി ജിയോളജി ഡിഗ്രി പരീക്ഷയുടെ പ്രാക്ടിക്കലും വൈവാ വോസിയും സെപ്തംബർ 26, 29 തീയതികളിൽ കോട്ടയം ഗവ. കോളജിൽ വച്ച് നടത്തും.

## പരീക്ഷാ ഫലം

2016 ജൂൺ മാസം നടത്തിയ മൂന്നാം സെമസ്റ്റർ മാസ്റ്റർ ഓഫ് അപ്ലൈഡ് സയൻസ് ഇൻ മെഡിക്കൽ ഡോക്കുമെന്റേഷൻ (റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്ക് ഒക്ടോബർ 7 വരെ അപേക്ഷിക്കാം.

## എം.എൽ.ഐ.എസ്.സി: സ്പോട് അഡ്മിഷൻ 27ന്

എം.ജി സർവ്വകലാശാലയിലെ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് ഡിപ്പാർട്ട്മെന്റിൽ 2016-17 വർഷത്തെ എം.എൽ.ഐ.എസ്.സി കോഴ്സിലേക്കുള്ള ഏതാനും സീറ്റുകളുടെ ഒഴിവിലേക്ക് സ്പോട്ട് അഡ്മിഷൻ സെപ്തംബർ 27ന് (ചൊവ്വാഴ്ച) നടത്തും. താൽപര്യമുള്ളവർ അന്നേ ദിവസം രാവിലെ 10 മണിക്ക് കാമ്പസിലുള്ള ഡിപ്പാർട്ട്മെന്റിൽ ഒറിജിനൽ സർട്ടിഫിക്കറ്റുകളും, ഫീസുമായി നേരിട്ട് ഹാജരാകണം. ബി.എൽ.ഐ.എസ്.സി പാസായിരിക്കണം. ഫോൺ 0481-2732948, 9747581437.

## വാക്ക് ഇൻ ഇന്റർവ്യൂ

എം.ജി സർവ്വകലാശാല നേരിട്ട് നടത്തുന്ന സ്വാശ്രയ സ്ഥാപനമായ തൊടുപുഴ യൂണിവേഴ്സിററി കോളജ് ഓഫ് എഞ്ചിനീയറിംഗിൽ കരാർ അടിസ്ഥാനത്തിൽ ഗണിതശാസ്ത്ര അദ്ധ്യാപകരെയും ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് വകുപ്പിൽ അസോസിയേറ്റ് പ്രഫസർമാരെയും നിയമിക്കുന്നതിനുവേണ്ടിയുള്ള വാക് ഇൻ ഇന്റർവ്യൂ സെപ്തംബർ 26ന് സർവ്വകലാശാല കാമ്പസിൽ വച്ച് നടത്തും. വിശദ വിവരങ്ങൾ സർവ്വകലാശാല വെബ് സൈറ്റിൽ ലഭിക്കും. ഫോൺ 0481-2731032, 2733409.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)